*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

168th Issue - Volume 5, No. 2 ജാഗ്രത 15th January 2011

"നിങ്ങൾ ആരെ ഭയപ്പെടണമെന്ന് ഞാൻ മുന്നറിയിപ്പു തരാം. കൊന്നതിനുശേഷം നിങ്ങളെ നരകത്തിലേക്ക് തള്ളിക്കളയാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ. അതേ, ഞാൻ പറയുന്നു, അവനെ ഭയപ്പെടുവിൻ."

(ലൂക്കാ 12:5)



SAINT VINCENT PALLOTTI

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Johny Kochuparambil MST

## ക്രിസ്തുവചനത്തിലൂടെ ആത്മസംയമനം നേടി കരുത്താർജ്ജിച്ച ജാഗ്രതാകമ്മീഷൻ



ഫാ. ജോണി കൊച്ചുപറമ്പിൽ എം. എസ്സ്. റ്റി
സെക്രട്ടറി
സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ

# ക്രിസ്തുവചനത്തിലൂടെ ആത്മസംയമനം നേടി കരുത്താർജ്ജിച്ച ജാഗ്രതാകമ്മീഷൻ

**ഫാ. ജോണി കൊച്ചുപറമ്പിൽ എം. എസ്സ്. റ്റി, സെക്രട്ടറി, സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ**

ക്രൈസ്തവസഭയ്ക്കെതിരെയും സഭാസ്ഥാപനങ്ങൾക്കെതിരെയും സഭാമക്കൾക്കെതിരെയും പലഭാഗത്തുനിന്നുമുണ്ടാകുന്ന അതിക്രമങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുക എന്ന മുഖ്യ ലക്ഷ്യമാണ് കെ.സി.ബി.സി ജാഗ്രതാ സമിതിക്കുള്ളത്. മാർ തോമസ് ചക്യത്ത് അധ്യക്ഷനായുള്ള കെ.സി.ബി.സി ജാഗ്രതാസമിതിയുടെ വൈസ് ചെയർമാൻമാർ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസും ഡോ. വിൻസന്റ് സാമുവലുമാണ്. പ്രഥമ സെക്രട്ടറി ഞാൻ ഫാ. ജോണി കൊച്ചുപറമ്പിൽ എം. എസ്.റ്റി ആണ്.

## VISION OF THE COMMISSION

A Society enjoying stable social harmony and peace based on the teachings of Jesus.

സമാധാനത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന ക്രൈസ്തവ സമൂഹത്തിന് മുന്നിൽ 'ജാഗ്രത' എന്ന വാക്കിന് കൂടുതൽ അർഥതലങ്ങൾ കൈവരുന്നു. നിരന്തരം കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്ന, ചെറിയ വീഴ്ചകൾപോലും പർവതീകരിക്കുകയും അതിലൂടെ പരിഹസിക്കുകയും അപഹസിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടത്തിനു കീഴിൽ ജീവിക്കേണ്ടിവരുമ്പോൾ 'ജാഗ്രത' എന്ന വാക്കിന് നിലനില്പ് എന്നുകൂടി അർഥം കൈവരുന്നുണ്ട്. കഴിഞ്ഞ നാലുവർഷം കേരളത്തിലെ ക്രൈസ്തവസഭ 'ജാഗ്രത' എന്ന വാക്കിലൂടെ കേരളത്തിലെ ഭരണകൂടത്തിനു നല്കിയ സന്ദേശം നിങ്ങൾക്ക് ഞങ്ങളെ പരിഹസിക്കാനാവും, ഭർത്സിക്കാനാവും, എന്നാൽ തോല്പിക്കാനാവില്ല എന്നതാണ്.

## MISSION OF THE COMMISSION

The Commission will realize the vision by:

- UPHOLDING the uniqueness of every human being and promoting universal brotherhood
- ENCOURAGING ways of thinking and actions that promotes social harmony
- PREVENTING the origin and operation of forces, which threaten social harmony
- INITIATING peace processes in the events of social disharmony and justice
- PROMOTING the doctrines and institutions of the Catholic Church



Jagratha Samithy Directors Meet

'ക്രിസ്തുവചനത്തിലൂടെ ആത്മസംയമനം നേടി കരുത്തരാകൂ' എന്നതാണ് ജാഗ്രതാസമിതിയുടെ മുദ്രാവാക്യം. വചനത്തിലൂടെ ശക്തി സമാഹരിച്ച് മുപ്പതു രൂപതകളിലും സഭാമക്കളെ ഒന്നാക്കി കൂട്ടിയിണക്കികൊണ്ട് മുന്നോട്ടു പോകുന്നതിന് കെ.സി.ബി.സി ജാഗ്രതാ സമിതി ശ്രമിക്കുന്നു. സഭയ്ക്കെതിരെയുള്ള അതിക്രമങ്ങളെ തടയുന്നതിനായി നിരന്തരം ലഘുരേഖകൾ പ്രസിദ്ധീകരിച്ചു. 'ജാഗ്രത' എന്ന നാലു പേജുള്ള ഇന്റർനെറ്റ് ബുള്ളറ്റിൻ വിവിധ വിഷയങ്ങളിൽ സഭയുടെ നിലപാട് വ്യക്തമാക്കുന്നതിന് സഹായകമായി. ജീവിതത്തിന്റെ വിവിധ തുറകളിലുള്ള 7000 - ത്തിൽപരം ആളുകൾക്ക് ആഴ്ചതോറും ഈ ബുള്ളറ്റിൻ അയച്ചുകൊടുക്കുന്നുണ്ട്. ഓരോ സംഭവത്തെയും കുറിച്ച് വ്യക്തമായ അഭിപ്രായം രൂപികരിക്കുന്നതിന് സഹായിക്കുന്ന സൈൻബോർഡായി ഈ ബുള്ളറ്റിൻ പ്രവർത്തിക്കുന്നു. ഇതിലൂടെ സഭയുടെ നിലപാടുകൾ സത്യസന്ധമായും ധീരമായും വിളംബരം ചെയ്യുന്നു. ജാഗ്രതാ സമിതി നടത്തിയ ഇടപെടലുകളാണ് ചില സഭാസ്ഥാപന വിരുദ്ധ നടപടികളെങ്കിലും പിൻവലിക്കാനും ചില സഭാവിരുദ്ധ പ്രസ്താവനകളിൽ ഖേദം പ്രകടിപ്പിക്കാനും ഭരണകൂടത്തെ പ്രേരിപ്പിച്ചത്. ജാഗ്രത എന്നാൽ ക്രൈസ്തവസഭ





Sub Committee meet on Environment

യ്ക്കെതിരെയുള്ള അധിക്ഷേപങ്ങളെ പ്രതിരോധിക്കുക മാത്രമല്ല, സഭാവിശ്വാസികളുടെ ജീവിതത്തെ കൂടുതൽ സർഗാത്മകവും സാമൂഹിക ഉത്തരവാദിത്വമുള്ളതുമാക്കുന്നതാണെന്ന തിരിച്ചറിവുമാണ്. ക്രൈസ്തവസഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ തകർക്കുന്നതിനുള്ള നിയമ നടപടികളും പാഠ്യപദ്ധതി പരിഷ്കരണവുമായിരുന്നു സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്. 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗവും, ക്ലസ്റ്റർ പരിശീലനത്തിനായി പുറത്തിറിക്കിയ ക്രൈസ്തവ സഭയെ നിന്ദിക്കുന്ന തരത്തിലുള്ള സിഡി, കെഇആർ പരിഷ്കരണം... എന്നിങ്ങനെ നിരന്തരം വിദ്യാഭ്യാസ മേഖലയെ കലുഷിതമാക്കി നിറുത്താനുള്ള ഗൂഢശ്രമങ്ങൾ ഭരണപക്ഷത്തുനിന്നുമുണ്ടായി. ഇതിനൊപ്പം തന്നെ വിദ്യാർത്ഥി സംഘടനകളെ മുന്നിൽ നിറുത്തി സഭാസ്ഥാപനങ്ങളെ ആക്രമിക്കുന്ന പ്രവണതകൾക്കും ശക്തിയേറി. മാധ്യമങ്ങളിലൂടെ ക്രൈസ്തവസഭയെ നിരന്തരം അധിക്ഷേപിക്കുന്നതിനും ഒരു പരിധിവരെ പാർട്ടി വിജയിച്ചു. ഇതിൽ ചില മാധ്യമങ്ങൾ കൂട്ടുചേരുകയുമുണ്ടായി. ക്രൈസ്തവ സഭാസ്ഥാപനങ്ങൾക്കെതിരായി ഉണ്ടാവുന്ന ചെറിയ വീഴ്ചകൾപോലും വലിയ സംഭവങ്ങളായി അവതരിപ്പിക്കാൻ ഇത്തരം മാധ്യമങ്ങൾ ശ്രമിച്ചിട്ടുണ്ട്. നിരന്തരമായുണ്ടാകുന്ന, ആസൂത്രിതമായ ഇത്തരം അതിക്രമങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ ഉണർന്നുപ്രവർത്തിക്കുന്നതിന്റെ ആവശ്യകത ജാഗ്രതാസമിതിക്ക് കൂടുതൽ ബോധ്യപ്പെടുവാൻ ഇതിടയാക്കി.




www.kcbcsocialharmony.org

സഭയ്ക്കെതിരെയുണ്ടാകുന്ന പല ആക്ഷേപങ്ങളും ആരോപണങ്ങളും അവഗണിക്കേണ്ടവയാണെന്ന ഉത്തമബോധ്യമുണ്ട്. ജാഗ്രതാസമിതിയുടെ കാഴ്ചപ്പാടും അതുതന്നെയാണ്. യാതൊരു നീതിനിഷ്ഠയുമില്ലാത്ത വിധത്തിലാണ് പലപ്പോഴും ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നത്. എന്നാലും ഇത്തരം ആക്ഷേപങ്ങളും ആരോപണങ്ങളും നിരന്തരമാവുകയും സഭ മറുപടി പറയാതിരിക്കുകയും ചെയ്യുമ്പോൾ ചില ആളുകളിലെങ്കിലും ഇത് സംശയം ജനിപ്പിക്കുന്നു. അതിനാലാണ് സഭയ്ക്കെതിരെയും സഭാസ്ഥാപനങ്ങൾക്കെതിരെയുമുള്ള നടപടികളെ എതിർക്കുന്ന മാധ്യമസമ്പർക്കപരിപാടി ആരംഭിച്ചത്. അതിനുവേണ്ടി മുപ്പതു രൂപതകളിലും ഫലപ്രദമായി പബ്ലിക് റിലേഷൻ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിച്ചു. അതുവഴി രൂപതാതലത്തിലും ഫൊറോനാ തലത്തിലും ഇടവക തലത്തിലും ഓരോ സംഭവത്തിലും സഭ സ്വീകരിച്ച നിലപാടുകളും എന്തുകൊണ്ടാണ് ഇത്തരമൊരു നിലപാടിലേക്ക് സഭ എത്തിച്ചേർന്നതെന്നും വിശദീകരിച്ചുകൊടുക്കാൻ സാധിച്ചു. മാത്രവുമല്ല, പ്രാദേശികമായി സഭാവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ റിപ്പോർട്ട് ശേഖരിക്കുകയും മാധ്യമവാർത്തകളുടെ ഫയൽ സൂക്ഷിക്കുകയും ചെയ്യത്തക്കവിധം രൂപതാതല പബ്ലിക് റിലേഷൻ സജ്ജമാക്കി. അതുവഴി ഫലപ്രദമായി സമൂഹത്തിൽ ഇടപെടുന്നതിന് ജാഗ്രതാസമിതിയ്ക്കു കഴിഞ്ഞു.



Media Effectiveness Programme

കൂടാതെ, ജീവകാരുണ്യപ്രവർത്തനങ്ങൾ, രാഷ്ട്രീയബോധവത്കരണം, വർഗീയവാദത്തിനും മതമൗലികവാദത്തിനുമെതിരെയുള്ള പ്രവർത്തനം എന്നിങ്ങനെ വിശ്വാസസമൂഹത്തെ ബാധിക്കുന്ന കാര്യങ്ങളിൽ കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും ജാഗ്രതാസമിതിക്ക് സാധിച്ചിട്ടുണ്ട്. പകർച്ചവ്യാധിയിലൂടെയുള്ള നിരവധി ആളുകളുടെ മരണം, കർഷക ആത്മഹത്യ, മാലിന്യസംസ്കരണം കാലവർഷക്കെടുതിയിൽ വീടും സമ്പത്തും നഷ്ടപ്പെട്ടവർക്കുള്ള സഹായധനം എന്നിവയെക്കുറിച്ച്പൊതുസമൂഹത്തിന്റെയും ഭരണവർഗത്തി

ന്റെയും ശ്രദ്ധ ആകർഷിക്കുവാൻ ജാഗ്രതാസമിതിയ്ക്ക് സാധിച്ചിട്ടുണ്ട്. അഴിമതി, തൊഴിലില്ലായ്മ, തോട്ടം മേഖലയിലെ അസ്ഥിരമായ തൊഴിൽസംവിധാനം, നിരന്തരമായി കുട്ടികളെ കാണാതെ പോകുന്ന സംഭവങ്ങൾ, വിവിധ വികസനപ്രശ്നങ്ങൾക്കായി കുടിയിറക്കപ്പെട്ടവരോടുള്ള അവഗണന, അവരുടെ പുനരധിവാസം, കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ എന്നിങ്ങനെ സമൂഹം നേരിടുന്ന വിവിധ വിഷയങ്ങളെക്കുറിച്ച് സമഗ്രമായി ചർച്ചനടത്താനും പരിഹാരനിർദേശങ്ങൾ അധികാരികളുടെ മുന്നിലെത്തിക്കാനും ജാഗ്രതാസമിതിക്ക് സാധിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ പ്രവർത്തനഫലമായി ഇവയിൽ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിഞ്ഞിട്ടുമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി രൂപതാ പബ്ലിക് റിലേഷൻ ഓഫീസ് ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായം തേടുന്നു. റേഡിയോ, ടിവി, ഇന്റർനെറ്റ്, ബ്ലോഗ് തുടങ്ങിയ മാധ്യമസമ്പർക്കസംരഭങ്ങൾ ജാഗ്രതാസമിതിയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആനുകാലികമായി വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഗത്ഭരായ ആളുകളെ ഉൾക്കൊള്ളിച്ചുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നു. അവയിൽ നിന്ന് ഉരുത്തിരിയുന്ന ആശയങ്ങൾ വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ജാഗ്രതാ സമിതിക്ക് സാധിക്കുന്നു. എല്ലാ ആഴ്ചയും സമകാലിക പ്രസക്തിയുള്ള ഒരു വിഷയത്തെക്കുറിച്ച്, ശക്തവും വ്യക്തവുമായ ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ബ്ലോഗ് ഒട്ടനവധി ആളുകളുടെ ശ്രദ്ധ ആകർഷിക്കുന്നു. അത് ആശയരൂപീകരണത്തിനും സമാനമനസ്കരുടെ കൂട്ടായ്മയ്ക്കും വഴിയൊരുക്കുന്നു. ഇന്നിപ്പോൾ സഭയും സഭാസ്ഥാപനങ്ങളും തങ്ങൾക്ക് നേരിടുന്ന വെല്ലുവിളികളെയും ഗൂഢാലോചനകളെയും സധൈര്യം നേരിടുന്നു. ആത്മസംയമനത്തോടെ തങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുക എന്ന മാർഗത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഇതിനു ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്.



Team of Experts meet



Media Effectiveness for Spokespersons

PRESENT ACTIVITIES

1) Media Scan and Jagratha News

2) Internet blog: www.Jagrathakcbc.blogspot.com

3) Website: www.kcbcsocialharmony.org

4) Coordinating the Diocesan Spokes Persons.

5) Seminar and workshop

a) Workshop on KCBC Circular on election to Local bodies (Panchayath)

b) Media Effectiveness Programme for Spokesperson

c) Scientific study on Environmental issues in Kerala

6) Intervention in media

7) Formation of Jagratha Samithies (Vigilance Cell)

മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ജാഗ്രതാ കമ്മീഷൻ സത്യം, സ്നേഹം, കാരുണ്യം, സമാധാനം, നീതി എന്നീ ക്രൈസ്തവ മൂല്യങ്ങളിൽ ഊന്നിയാണ് പ്രവർത്തിച്ചുവരുന്നത്. ഇതിനായി രൂപതാതലത്തിലും ഫൊറോനാ ഇടവകാതലത്തിലുമായി ബോധവത്കരണ പരിപാടികൾ, പൊതുസമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. ലേഖനങ്ങൾ, വാർത്താലേഖനങ്ങൾ, ലഘുലേഖകൾ, മാസികകൾ, ഗ്രന്ഥങ്ങൾ എന്നിവയുടെ



Workshop on Environment

പ്രചോദനാത്മകമായ ആശയങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും ഓഡിയോ വീഡിയോ സിഡികൾ ഉൾപ്പെടെയുള്ള ആധുനിക മാധ്യമ സമ്പർക്കപരിപാടിയിലൂടെ സഭയുടെ വിശ്വാസ പ്രഘോഷണവും ആശയങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിലും ജാഗ്രതാ കമ്മീഷൻ സജീവമാണ്. ഇന്റർനെറ്റ്, വെബ്സൈറ്റ്, ബ്ലോഗ് തുടങ്ങിയവയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു. സാമൂഹിക സൗഹാർദത്തിന് ഹാനികരമായ നിർഭാഗ്യസംഭവങ്ങൾ നടന്നിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും അവിടെ ശാന്തിയും സമാധാനവും കൈവരുന്നതിനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതമാകുന്നതിനും പലപ്പോഴും ജാഗ്രതാ സമിതിക്ക് സാധിച്ചിട്ടുണ്ട്. അവിടങ്ങളിൽ സ്ഥിതിഗതികൾ കൂടുതൽ മോശമാവാതിരിക്കുന്നതിനുള്ള പരിശ്രമങ്ങൾ ചെയ്യുന്നതിനും സമിതിക്ക് സാധിച്ചു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെയെല്ലാം കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിന്റെ പൊതുസമൂഹത്തിൽ സജീവസാന്നിദ്ധ്യമായി കെ.സി.ബി.സി ജാഗ്രതാസമിതി മാറിയിട്ടുണ്ട്.

# നന്ദി



സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷന്റെ മുഖപത്രമായ ജാഗ്രതാ ന്യൂസ് 168 ആഴ്ചകൾ പിന്നിടുകയാണ്. ജാഗ്രതാ ന്യൂസിന് 7000-ത്തിൽപരം വായനക്കാരുണ്ട്. ഈ അവസരത്തിൽ മാന്യവായനക്കാർക്ക് ജാഗ്രതാകമ്മീഷന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുകയാണ്. കമ്മീഷന്റെ സെക്രട്ടറി സ്ഥാനത്തുനിന്നും ജനുവരി 19-ാം തീയതി ഞാൻ വിരമിക്കുകയാണ്. കഴിഞ്ഞ നാലു വർഷക്കാലം ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സഹായിച്ച എല്ലാ മാന്യസുഹൃത്തുക്കൾക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറയുന്നു. എന്നെ സഹായിച്ച, സ്നേഹിച്ച എല്ലാവർക്കും ഒരായിരം നന്ദി. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഫാ. ജോണി കൊച്ചുപറമ്പിൽ എം. എസ്സ്. റ്റി
സെക്രട്ടറി
സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ

"Jagratha News" - An internet news service is free and fo
private circulation

Web: www.kcbcsocialharmony.org,

Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C. P.B. No. 2251, Palarivattom, Kochi-25, INDIA